പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 493 — 01/07/2019 ൽ മറുപടിക്ക്

## ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയെ ദേശീയ നിലവാരത്തിലുള്ള തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി അവിടെ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ദേശീയ തീർത്ഥാടനകേന്ദ്രമാക്കി മാറ്റുന്നതിനായി ബഡ്ജറ്റ് വിഹിതവും KIIFB ഫണ്ടും വിനിയോഗിച്ച് മാസ്റ്റർ പ്ലാനിനനുസൃതമായിട്ടുള്ള പ്രവൃത്തികളും ഇടത്താവള സമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തികളും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു പ്രത്യേക എസ്.പി.വി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശബരിമല മാസ്റ്റർ പ്ലാനിനനുസൃതമായ ലേ-ഔട്ട് പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തികളാണ് നടപ്പിലാക്കുന്നത്. |
| (ബി) | ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ മറവിൽ അവിടെ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനും അതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിനും ചില രാഷ്ട്രീയ സംഘടനകൾ നടത്തിയ ശ്രമങ്ങൾ ശബരിമലയിലെ വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; | (ബി) | ഇത്തരം ശ്രമങ്ങൾ മൂലം തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടാവുകയും അത് ശബരിമലയിലെ വരുമാനത്തിൽ കുറവ് വരുത്തുകയും ചെയ്തു. എന്നാൽ ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ തുക വകയിരുത്തിയതിനാൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഹൈക്കോടതി ഉന്നതാധികാര സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഒരു അതോറിറ്റി രൂപീകരിച്ച് കൈമാറുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ബഹു.ഹൈക്കോടതി നിയമിച്ച ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെയാണ് നിർവ്വഹിച്ച വരുന്നത്. ശബരിമല തീർത്ഥാടന കേന്ദ്രത്തെ അന്തർ ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച വരുകയാണ്. |
| (ഡി) | ഇക്കാര്യത്തിനായി നിയമഭേദഗതി കൊണ്ടുവരുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ